No. CEE/555/2019/5 LL.B/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

## പത്രക്കുറിപ്പ്

## 2019–20–ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള ഓൺലൈൻ പ്രവേശന പരീക്ഷ

### പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

2019–20 അധ്യയന വർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിലേയ്ക്ക് 2019 ജൂൺ 8–ാം തീയതി (ശനിയാഴ്ച) നടത്തുന്ന പ്രവേശന പരീക്ഷ Computer Based Test (CBT) രീതിയിലായിരിക്കും നടത്തുന്നത്. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ കേന്ദ്രങ്ങളിലായി 24 സ്ഥാപനങ്ങൾ പരീക്ഷാകേന്ദ്രങ്ങളായി അനുവദിച്ചിട്ടുണ്ട്. പരീക്ഷയ്ക്ക് എത്തുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന അഡ്മിറ്റ് കാർഡുമായി പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. രാവിലെയും ഉച്ചയ്ക്കുമായി രണ്ട് സെഷനുകളിലാണ് പ്രവേശന പരീക്ഷ നടക്കുന്നത്. രാവിലത്തെ സെഷൻ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ പരീക്ഷാ ദിവസം രാവിലെ 9.30–നും 10.30–നും ഇടയിൽ അവർക്ക് അനുവദിച്ചിട്ടുള്ള പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. 10.30–ന് ശേഷം രാവിലെത്തെ സെഷനിലുള്ള വിദ്യാർത്ഥികളെ റിപ്പോർട്ട് ചെയ്യാൻ അനുവദിക്കുന്നതല്ല. പരീക്ഷാർത്ഥികൾക്ക് റിപ്പോർട്ടിംഗ് പോയിന്റിൽ നിന്ന് അവരുടെ സീറ്റ് നമ്പർ അടങ്ങിയ ഒരു 'Access Card' നൽകുന്നതാണ്. ഇതിലെ സീറ്റ് നമ്പർ പ്രകാരമാണ് വിദ്യാർത്ഥി പരീക്ഷാ ഹാളിൽ ഇരിക്കേണ്ടത്. 10.30–ന് റിപ്പോർട്ടിംഗ് അവസാനിച്ചു കഴിഞ്ഞാൽ കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷാ രീതി പരിചയപ്പെടുന്നതിനായി പരീക്ഷാർത്ഥികൾക്കുള്ള "മോക്ക് ടെസ്റ്റും", തുടർന്ന് 11.15 A.M മുതൽ 01.15 P.M വരെ പ്രവേശന പരീക്ഷയും നടക്കുന്നതാണ്. ഉച്ചയ്ക്കു ശേഷമുള്ള സെഷൻ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ പരീക്ഷാ ദിവസം ഉച്ചയ്ക്ക് 12–നും 1 മണിക്കും ഇടയിൽ പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. 1 മണിക്ക് ശേഷം റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളെ പരീക്ഷാ ഹാളിൽ പ്രവേശിക്കാൻ അനുവദിക്കുന്നതല്ല. 1 മണിക്ക് റിപ്പോർട്ടിംഗ് അവസാനിച്ച ശേഷം പരീക്ഷാർത്ഥികൾക്കുള്ള മോക്ക് ടെസ്റ്റും തുടർന്ന് 2.45 P.M മുതൽ 4.45 P.M വരെ പ്രവേശന പരീക്ഷയും നടക്കുന്നതാണ്. പരീക്ഷയ്ക്ക് എത്തുന്ന വിദ്യാർത്ഥികൾ കാൽക്കുലേറ്റർ, മൊബൈൽ ഫോൺ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ കൈവശം വയ്ക്കാൻ പാടുള്ളതല്ല. പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്തു കഴിഞ്ഞാൽ അതത് സെഷനിലെ പ്രവേശന പരീക്ഷ അവസാനിക്കുന്നതിനു മുൻപ് വിദ്യാർത്ഥികളെ പുറത്തു പോകാൻ അനുവദിക്കുന്നതല്ല.

കുറിപ്പ്: പരീക്ഷാ ഹാളിൽ വിദ്യാർത്ഥികളെ തിരിച്ചറിയുന്നതിന് ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകളായ ആധാർ കാർഡ്/വോട്ടർ ഐഡി കാർഡ്/ഡ്രൈവിംഗ് ലൈസൻസ്/പാൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒരെണ്ണം കൂടി അഡ്മിറ്റ് കാർഡിനൊപ്പം ഹാജരാക്കേണ്ടതാണ്.

Seetha

തിരുവനന്തപുരം
06.06.2019

പ്രവേശന പരീക്ഷാ കമ്മീഷണർ